# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി .13/1359/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി .13/1359/2022 തീയ്യതി: 20/07/2022

## കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 23-09-2020 മുതൽ 31-12-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 13-06-2022 | 21-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 21-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി.ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ഷാന്റി ജോർജ്, അസി. ഓഡിറ്റ് ഓഫീസർ

രാജേഷ് എം., അസി. ഓഡിറ്റ് ഓഫീസർ
സുനിത എം.എസ്., അസി.ഓഡിറ്റ് ഓഫീസർ
രഞ്ജിത് എം, സീനി. ഗ്രേഡ് ഓഡിറ്റർ
ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജി ഐസക് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ആശാ ചന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| രശ്മി എസ് | സെക്രട്ടറി | 01-04-2020 | 09-06-2020 |
| സോണിയ പി മാത്യു | സെക്രട്ടറി | 09-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലൗല എ ഖാദർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ദീപാ ബി നായർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)) | 01-04-2020 | 31-03-2021 |
| ഡോ. പ്രേമാ സ്റ്റെല്ല ഭായ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സുവീന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ആഷിക് രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ജൂലിജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| രശ്മി രഘുനാഥ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| അനുമോൾ പി.ബി. | വിഇഒ | 01-04-2020 | 31-03-2021 |
| രതീഷ് പി.ആർ | വിഇഒ | 01-04-2020 | 31-03-2021 |
| ഡൽഫിനാ ജോർജ് | കൃഷിഓഫീസർ | 01-04-2020 | 30-11-2020 |
| സൂര്യാമോൾ പി.ആർ. | കൃഷിഓഫീസർ | 01-12-2020 | 28-02-2021 |
| ഡൽഫിനാ ജോർജ് | കൃഷിഓഫീസർ | 01-03-2021 | 31-03-2021 |
| നൈലീനാ റാഫേൽ | അസി. എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ജിനു വി | അസി. എഞ്ചിനീയർ | 23-06-2020 | 31-03-2021 |

12.11.20 മുതൽ 29.12.20 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണത്തിലായിരുന്നു

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-1 |
| 2 | വാർഷിക കണക്ക് പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Sunitha M S (Senior Grade Auditor, On 18-06-2022)<br>Last Updated By: C R Beenakumary (Deputy Director, On 20-07-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-7 |
| 8 | കാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-10 |
| 11 | ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ - അപാകതകൾ<br>Written By: Joshy Thomas (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-11 |
| 12 | രസീത് പരിശോധന - കാണപ്പെട്ട അപാകതകൾ.<br>Written By: Joshy Thomas (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-13 |
| 14 | വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ - മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കിയില്ല.<br>Written By: Ranjith M (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-14 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക - 3.34 ലക്ഷം രൂപ കുടിശ്ശിക നിൽക്കുന്നു<br>Written By: Prasad P G (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-15 |
| 16 | ഷോപ്പിംഗ് കോംപ്ലക്സുകൾ നിഷ്ക്രിയ ആസ്തികളായി മാറുന്നത്.<br>Written By: Prasad P G (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-16 |

| | | |
|---|---|---|
| 17 | വിനോദനികുതി-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joshy Thomas (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-17 |
| 18 | വിനിയോഗസാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sunitha M S (Senior Grade Auditor, On 18-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-18 |
| 19 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചില്ല.<br>Written By: Joshy Thomas (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-19 |
| 20 | സാമൂഹിക സുരക്ഷാപെൻഷൻ -അർഹതയില്ലാത്തവർക്ക് നല്കിയത്.<br>Written By: Shanti George (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-20 |
| 21 | പ്രാഥമികാരോഗ്യകേന്ദ്രം - മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Prasad P G (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-21 |
| 22 | പാലിയേറ്റീവ് കെയർ - മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Prasad P G (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-22 |
| 23 | മറ്റപ്പള്ളി അങ്കണവാടി മെയിന്റനൻസ്-പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 1-23 |
| 24 | അക്രഡിറ്റഡ് ഏജൻസികൾ വഴി പദ്ധതി നിർവ്വഹണം -അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-24 |
| 25 | ഉദിക്കഴ കുടിവെള്ള പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-25 |
| 26 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം -അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-26 |
| 27 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം<br>Written By: Shanti George (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Joshy Thomas (Auditor, On 13-07-2022)<br>Last Updated By: Joshy Thomas (Auditor, On 13-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-07-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Joshy Thomas (Auditor, On 20-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Joshy Thomas (Auditor, On 20-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Joshy Thomas (Auditor, On 20-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 17-02-2021 തീയതിയിലെ 10(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 15103520 | 7521733.79 |
| വരവ് | 139548400 | 60440210 |
| ആകെ | 154651920 | 67961943.79 |
| ചെലവ് | 152824497 | 61480777 |
| നീക്കിയിരിപ്പ് | 1827423 | 6481166.79 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

### 1-2 വാർഷിക കണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 99499834.00 രൂപയും ചെലവ് 99809802.00 രൂപയും വരവിൽ കവിഞ്ഞ ചെലവ് 318156.00 രൂപയുമാണ് (മുൻകാല വരവ് 8188 രൂപ ക്രമീകരിച്ചതിന് ശേഷം). 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 49609964.89 രൂപയും ബാധ്യതകളുടെ മൂല്യം 43616374.80 രൂപയും ജനറൽ ഫണ്ട് 5993590.09 രൂപയുമാണ്. 2020-21 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

6.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7.വിവിധ അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിനിമയം ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

8.ബഡ്സ് സ്കൂൾ ഫർണീച്ചർ ഇനത്തിൽ 924520 ചെലവ് ഉണ്ടെങ്കിലും ആയത് ഷെഡ്യൂൾ ബി 11 (ഡി)യുടെ ഭാഗമായിട്ടില്ല.

9. ILGMS ൽ തയ്യാറാക്കിയ ട്രൈയൽ ബാലൻസ് സ്റ്റേറ്റ്മെന്റ് തെറ്റായാണ് ജനറേറ്റ് ചെയ്തിട്ടുള്ളത്.

10 ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ്/ചെലവ് വിവരങ്ങൾ തെറ്റായാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

11.വാടകരജിസ്റ്ററിലെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
12. ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
13.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വാർഷിക ധനകാര്യപത്രികയിൽ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
14. എയിംസ് സോഫ്റ്റ്വെയറിൽ സബ്മിറ്റ് ചെയ്ത വാർഷിക കണക്കിലെ പ്രവർത്തനമിച്ചം ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയ വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ്വെയർ പ്രകാരമുള്ള അക്കൗണ്ടിംഗ് ആരംഭിച്ചത് 22-9-2020 മുതലാണ്. പ്രാരംഭ നടപടിയായി 31-3-2020 ലെ ബാലൻസ് ഷീറ്റ് ILGMS ന്റെ ഓപ്പണിംഗ് ബാലൻസ് ഷീറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിന്റെ ആസ്തി മൂല്യം 42029993.89 രൂപയും പഞ്ചായത്ത് ജനറൽഫണ്ട് ഒഴിച്ചുള്ള ബാധ്യത 35738201.80 രൂപയുമാണ്. പഞ്ചായത്ത് ജനറൽ ഫണ്ട് 6291792.09 രൂപയാണ്. വിശദമായി പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ലോക്കൽ സാംഖ്യ പ്രകാരമുള്ളതും ILGMS പ്രകാരമുള്ളതും പൊരുത്തപ്പെടുന്നുണ്ട്.

1-4-20 മുതൽ 21-9-2020 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ (ആകെ വരവ് ചെലവ് ) പി ഡി ഇ (പാസ്റ്റ് ഡാറ്റാ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാക്കിയതിൽ ലോക്കൽ സാംഖ്യയിലെയും ILGMS ലെയും 21-9-2020 ലെ റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ തുല്യമാകേണ്ടതാണ്. ഇവ പരിശോധിച്ചതിൽ മുന്നിരിപ്പ് ഒഴികെയുള്ളവയിൽ വ്യത്യാസം കാണുന്നു.

RECEIPT& PAYMENT

| Item | ILGMS 21-9-2020 | LOCAL SAMKHYA 21-9-2020 |
|---|---|---|
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ് | 7521733.79 | 7521733.79 |
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് | 19927551.00 | 19189715.00 |

| | | |
|---|---|---|
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് | 27449284.79 | 26711448.79 |
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ചെലവ് | 18561822.00 | 18026274.00 |
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | 8887462.79 | 8685174.79 |

INCOME & EXPENDITURE

| Item | ILGMS 21-9-2020 | LOCAL SAMKHYA 21-9-2020 |
|---|---|---|
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ് | 21006142.00 | 20094781.00 |
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ചെലവ് | 16583807.00 | 16048259.00 |
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള Gross Surplus | 4422335.00 | 4046522.00 |

മേൽ പറഞ്ഞ രണ്ട് പത്രികകളിലെയും ഡാറ്റാ എൻട്രിയിലുണ്ടായ വ്യത്യാസം വാർഷികകണക്കിന്റെ തുടർച്ചയേയും കൃത്യതയേയും ബാധിക്കുമെന്നതിനാൽ അപാകതയ്ക്കുണ്ടായ കാരണം, പരിഹാര നടപടി എന്നിവ ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/19.06.2022) മറുപടി നല്കിയില്ല. ഡാറ്റാ എൻട്രിയിലെ അപാകം വാർഷികകണക്കിന്റെ കൃത്യതയെ ബാധിക്കുമെന്നതിനാൽ മേൽ പരാമർശങ്ങൾക്ക് വിധേയമായാണ് അനുബന്ധം-1 പ്രകാരമുള്ള സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7521733.79 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60440210 |
| ആകെ | 67961943.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61480777 |
| നീക്കിയിരിപ്പ് | 6481166.79 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2744490 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 10467000 | 10467000 | 10123721 | 343279 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1659506 | 1659506 | 1507443 | 152063 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 409813 | 409813 | 347844 | 61969 |
| മെയിന്റനൻസ്, റോഡ് | | 0 | 8650000 | 8650000 | 8644029 | 5971 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3492000 | 3492000 | 2907279 | 584721 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, (ടൈഡ്) | | 0 | 4070000 | 4070000 | 2640221 | 1429779 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 0 | 8417789 | 8417789 | 4184688 | 4233101 |
| MGNREGS | | 1848.50 | 14130466 | 14132314.50 | 14132314 | 0.50 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | | 86984 | 630412 | 717396 | 426179 | 291217 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 439624 | 1737604 | 2177228 | 157400 | 2019828 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 1234779 | 1234779 | 1234779 | |
| | ജില്ലാ പഞ്ചായത്ത് | | 3890616 | 3890616 | 3890616 | |

അങ്കണവാടി ജീവനക്കാർക്ക് അധികവേതനം, ലൈഫ് ഭവനപദ്ധതി തിരിച്ചടവ് തുടങ്ങി വികസനഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസനഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക ഒഴികെയുള്ളതാണ് വരവായി രേഖപ്പെടുത്തുന്നത്. ചെലവ് പത്രികയിൽ നേരിട്ട് കുറവ് ചെയ്യുന്ന തുക ഉൾപ്പെടുന്നതിനാൽ തെറ്റായ നീക്കിബാക്കിയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നത്. മേൽ അപാകതകളുടെ അടിസ്ഥാനത്തിലാണ് ഗ്രാന്റുകളുടെ വിനിയോഗസാക്ഷ്യപത്രം നൽകിയിരിക്കുന്നത് (അനുബന്ധം 2).

## 1-5 വാർഷികപദ്ധതി അവലോകനം.

പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2020-21 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 28-01-2021 ലെ 80898 /20/DPC /DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എണ്ണം | | | | |
| 205 | 155 | 116593690 | 47443805 | 40.7 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 1046579 | 480165 |
| 2 | വെറ്ററിനറി സർജൻ | 7 | 5 | 2911200 | 2061737 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 5 | 4 | 1525000 | 1259988 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 13 | 11 | 61307020 | 11424936 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 3283400 | 2759489 |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 6 | 6 | 4196800 | 2161438 |
| 9 | സെക്രട്ടറി | 31 | 29 | 7261286 | 6059922 |
| 10 | അസിസ്റ്റന്റ് എൻജിനീയർ | 119 | 81 | 32103011 | 18956667 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 400000 |
| 12 | ഹെഡ്മാസ്റ്റർ | 2 | 0 | 91348 | 0 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 2068046 | 1479463 |
| | ആകെ | 205 | 155 | 116593690 | 47443805 |

അംഗീകാരം ലഭിച്ച ആകെ 205 പ്രോജക്ടുകളിൽ 50 എണ്ണം നടപ്പിലാക്കിയില്ല. കൂടാതെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 40.70 ശതമാനം മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതക്ക് ആനുപാതികമായല്ല പ്രോജക്ടുകൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാകുന്നു. സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 88 പ്രോജക്ടുകളിൽ 73 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്. എന്നാൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസസംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നവിധം പ്രോജക്ടുകൾ ഫലപ്രദമായില്ല.

സ്ത്രീകൾ, കുട്ടികൾ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, എസ്.സി, എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ,

അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. തെരുവ് വിളക്ക് സ്ഥാപിക്കൽ, കുടിവെള്ള പ്രോജക്ടുകൾക്കായി കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ, കുടിവെള്ളപദ്ധതികളുടെ കറന്റ് കണക്ഷൻ തുടങ്ങിയ പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കി. ലൈഫ് ഭവനപദ്ധതി, വീട് വാസയോഗ്യമാക്കൽ, കിണർ റീചാർജിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് വി.ഇ.ഒ മാർ നടപ്പിലാക്കിയിട്ടുള്ളത്.

ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ട് കേവലം ഉപകരണങ്ങളുടെ വാങ്ങൽ മാത്രമായി മാറുകയും ഉപകരണങ്ങൾ പ്രവർത്തനക്ഷമത നഷ്ടപ്പെടാവുന്ന വിധം ശോചനീയമായ നിലയിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

റോഡുകളുടെ കോൺക്രീറ്റിംഗ്, ടാറിംഗ്, കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം, അങ്കണവാടികളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, തുടങ്ങി വ്യത്യസ്ത പ്രോജക്ടുകൾ അസി.എൻജിനീയർ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് തുകകൾ വാർഡടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം തുച്ഛമായ തുക മാത്രം വകയിരുത്തുന്ന സാഹചര്യവും പ്രോജക്ട് പല വർഷങ്ങൾ കഴിഞ്ഞാലും ഫലപ്രാപ്തിയിലെത്താത്ത സാഹചര്യവും നിലനിൽക്കുന്നു. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമേ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം 6810883/- രൂപയുടെ സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 10467000 | 10123721 | 343279 |
| വികസന ഫണ്ട്-എസ്.സി.പി | 1659506 | 1507443 | 152063 |
| വികസന ഫണ്ട്-ടി.എസ്.പി | 409813 | 347844 | 61969 |
| ധന.കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4070000 | 2640221 | 1429779 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 8417789 | 4184688 | 4233101 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 3492000 | 2907279 | 584721 |
| മെയിന്റനൻസ് ഗ്രാന്റ്, | 8650000 | 8644029 | 5971 |

| | | | |
|---|---|---|---|
| (റോഡ്) | | | |
| ആകെ | 34023108 | 30355225 | 6810883 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 ൽ സാങ്കേതിക അനുമതി ലഭിച്ച 184 പ്രോജക്ടുകളിൽ 184 എണ്ണവും തൻവർഷം പൂർത്തിയാക്കി. 2020-21 വർഷം 36778 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 538 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കോഴിക്കൂട് നിർമ്മാണം, കന്നുകാലിക്കൂട് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, മഴക്കുഴി നിർമ്മാണം, കിണർ നിർമ്മാണം എന്നിവയാണ് 2020-21 ൽ നടപ്പാക്കിയ പ്രധാന പ്രോജക്ടുകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1848.50 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 13391135 | 14130466 |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 739331 | |
| ആകെ | | | 14132314.50 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 10656772 | 14132314 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 321108 | |
| | ഉപകരണങ്ങളുടെ വില, വാടക | 2042417 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1112017 | |
| നീക്കിയിരുപ്പ് | | | 0.50 |
| ആകെ | | | 14132314.50 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10800 | 15 |
| വാർദ്ധക്യകാലപെൻഷൻ | 21147000 | 1570 |
| കർഷകതൊഴിലാളി പെൻഷൻ | 1427000 | 99 |
| വിധവാ പെൻഷൻ | 9250300 | 629 |

| | | |
|---|---|---|
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 629500 | 42 |
| വികലാംഗപെൻഷൻ | 2767100 | 184 |
| വിവാഹ ധനസഹായം | 30000 | 1 |

1-8 കാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 13/06/2022-ന് 03.20 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4293/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം വേണ്ടത്ര കാര്യക്ഷമമായിരുന്നില്ല. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. തനത് വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയ്യാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ അലംഭാവം നിലനിൽക്കുന്നു. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഭൂരിപക്ഷം മുറികളും ഒഴിഞ്ഞ് കിടക്കുകയാണ്. ലൈസൻസ് ഫീസുകൾ ഈടാക്കുന്നതിൽ കൃത്യത പുലർത്തുന്നില്ല. പണം പിരിവിനായി ഉദ്യോഗസ്ഥർക്ക നല്കുന്ന രസീത് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിൽ പല ഉദ്യോഗസ്ഥരും തികഞ്ഞ അലംഭാവവും, നിരുത്തരവാദിത്തവും പുലർത്തിയിരിക്കുന്നു. സഞ്ചയ ഉൾപ്പെടെയുള്ളവയിലെ രേഖപ്പെടുത്തലുകളിലും തെറ്റുകൾ വരുത്തിയിരിക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും കൃത്യമായി പാലിച്ചിട്ടില്ല. കമ്പ്യൂട്ടറുകൾ, മറ്റ് ഇലക്ട്രോണിക് ഉല്പന്നങ്ങൾ എന്നിവയുടെ വാങ്ങൽ നടപടികളിൽ തീരുമാനമെടുക്കുന്നതിന് പ്രൊക്യൂവർമെന്റ് കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിയിരുന്നില്ല. പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വ്യക്തതയില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. ഐ.എൽ.ജി.എം.എസ് സംവിധാനത്തിലേക്ക് അക്കൗണ്ടിംഗ് സംവിധാനം മാറുന്ന വേളയിൽ സ്വീകരിക്കേണ്ട നടപടികളിൽ അപാകത കാണപ്പെടുന്നു. കണക്കുകളുടെ പൊരുത്തപ്പെടുത്തലുകളിലും അപാകത നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് അടിസ്ഥാനപരമായ നടപടികൾ പൂർത്തിയാകും മുൻപെ ഇതിലേക്കാവശ്യമായ ഉപകരണങ്ങളുടെ വാങ്ങൽ നടത്തി അലക്ഷ്യമായിട്ടിരിക്കുന്നതിനാൽ പലതും നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ സർക്കാർ ഗ്രാന്റ് ലാപ്സാകുന്നതിനും കാരണമായി. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമായിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/05/2021 | 11/2020-03/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്- ജനറലിന്റെ ഓഡിറ്റ് | 29/01/2018 | 2012-13 മുതൽ 2016-17വരെ | LBA(HQ)II/8A-2771/372 Dated 6/04/2021 |

## 1-11 ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ - അപാകതകൾ

2020-21 വർഷത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ Directly Debited By Bank, Directly Credited By Bank എന്നീ ശീർഷകങ്ങളിൽ വലിയ തുകകൾ രേഖപ്പെടുത്തി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുള്ളതായി കാണുന്നു. ഫെബ്രുവരി 2021 ലെ വിവിധ അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം | Directly Debited By Bank ശീർഷകത്തിൽ ക്രമപ്പെടുത്തിയ തുക | Directly Credited By Bank ശീർഷകത്തിൽ ക്രമപ്പെടുത്തിയ തുക |
|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 40581101015106 | 4109841 | 5019395 |
| എൽജിടിഎസ് ബി അക്കൗണ്ട് | 799013000000200 | 1423671 | 3374301 |
| എസ് ബി ഐ ലൈഫ് | 38065072468 | 1399989 | 4745000 |

വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/2020-21/21.06.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ച അപാകതകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ എല്ലാ ചെലവുകളും വൗച്ചർ തയ്യാറാക്കി മാത്രം നടത്തേണ്ടതുമാണ്.

## 1-12 രസീത് പരിശോധന - കാണപ്പെട്ട അപാകതകൾ.

പഞ്ചായത്തിന്റെ വസ്തുനികുതി പിരിവിനായി ഉപയോഗിക്കുന്ന രസീതുകൾ പരിശോധിച്ചതിൽ ഏതാനും രസീതു ബുക്കുകളുടെ ഉപയോഗം തികച്ചും അശ്രദ്ധമായാണെന്നു കാണുന്നു. 14112, 5674 എന്നീ രസീത് ബുക്കുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14122 രസീത് ബുക്കിൽ 9.3.21 തീയതിയിൽ രസീത് നം. 18 മുതൽ 58 വരെ രസീതുകളിലായി ആകെ പിരിച്ചെടുത്ത തുക 18837 രൂപയാണ്. എന്നാൽ 9.3.21 ൽ ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുക 18453 രൂപയാണ് (കുറവ് 384).

2. രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളും സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയ വിവരങ്ങളും തമ്മിൽ വ്യത്യാസങ്ങളുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം. | രസീത് ബുക്കിലെ രേഖപ്പെടുത്തൽ (പേര്, കെട്ടിട നം, തീയതി, തുക) | സഞ്ചയയിലെ രേഖപ്പെടുത്തൽ (പേര്, കെട്ടിട നം, തീയതി, തുക) | മറ്റു വിവരങ്ങൾ |
|---|---|---|---|---|
| 1 | 14122/69 | ബിനോയി നാരായണൻ, 12/146, 10.3.21, 66/- | ലീലാമ്മാൾ, 13/113, 10.3.21, 13/- | രസീത് നൽകിയ വ്യക്തിയുടെ പേരിലല്ല പോസ്റ്റിംഗ്. 53 രൂപ കുറവായി മറ്റൊരു വ്യക്തിയുടെ പേരിൽ പോസ്റ്റിംഗ് നടത്തിയിരിക്കുന്നു. |
| 2 | 5674/15 | ജയപ്രകാശ് നാരായണൻ നായർ, 13/214, 23.3.21, 72 | ശിവരാമൻ നായർ, 13/2, 23.3.21, 72 | രസീത് നൽകിയ വ്യക്തിയുടെ പേരിലല്ല പോസ്റ്റിംഗ്. കൂടാതെ രസീത് ലേഖ പിറ്റിനാൾ എന്ന വ്യക്തിയുടെ 12/183 B എന്ന കെട്ടിട നമ്പരായി ചേർത്ത് 1860 രൂപ രേഖപ്പെടുത്തിയത് പൂർണ്ണമായി വെട്ടിത്തിരുത്തിയാണ് പുതിയ കെട്ടിട നമ്പർ ചേർത്തത്. |

3. രസീതിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പൂർണ്ണമായി വെട്ടിത്തിരുത്തി പുതിയ കെട്ടിട നമ്പർ ചേർത്തത് സംബന്ധിച്ച ഏതാനും ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം. | രസീതിൽ ആദ്യം രേഖപ്പെടുത്തിയ പേര്, കെട്ടിട നം, തീയതി, തുക | വെട്ടിത്തിരുത്തിയ ശേഷം രേഖപ്പെടുത്തിയ പേര്, കെട്ടിട നം, തീയതി, തുക |
|---|---|---|---|
| 1 | 5674/67 | ഷാജി കെ.എസ്, 12/462 A, 25.3.21, 364 | രാമദാസ് മുളയ്ക്കൽ, 12/78, 25.3.21, 286 |
| 2 | 5674/77 | മേരിക്കുട്ടി ജോസഫ്, | ഗോപകുമാർ ആർ, |

| | | | |
|---|---|---|---|
| | | 12/331,<br>25.3.21,<br>316 | 12/331,<br>25.3.21,<br>202 |
| 3 | 5674/81 | രാമദാസ് മുളയ്ക്കൽ,<br>12/78,<br>25.3.21,<br>286 | അരുൺകുമാർ എസ്,<br>12/121,<br>25.3.21,<br>310 |

4. ഇതു കൂടാതെ പല രസീതുകളിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളും സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയിട്ടുള്ള തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം | രസീത് ബുക്കിലെ രേഖപ്പെടുത്തൽ (പേര്, കെട്ടിട നം, തീയതി, തുക) | സഞ്ചയയിലെ രേഖപ്പെടുത്തൽ (പേര്, കെട്ടിട നം, തീയതി, തുക) |
|---|---|---|---|
| 1 | 14122/12 | രാംദാസ് മുളയ്ക്കൽ,<br>12/86,<br>8.3.21,<br>286 | രാംദാസ് മുളയ്ക്കൽ,<br>12/86,<br>8.3.21,<br>281 |
| 2 | 14122/44 | രാജശേഖരൻ നായർ,<br>11/313,<br>9.3.21,<br>613 | രാജശേഖരൻ നായർ,<br>11/313,<br>9.3.21,<br>631 |

5. രസീതു ബുക്കുകളിൽ രസീതുകൾ ധാരാളമായി കാൻസൽ ചെയ്യുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/18.6.22) രസീത് ബുക്കുകളിലെ അപാകത ശ്രദ്ധയിൽപ്പെട്ടിരുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പിഴവുകൾ പെർഫോർമൻസ് ഓഡിറ്റ്, ഡിഡിപി കോട്ടയം എന്നിവർക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിന്മേൽ ഡിഡിപി കോട്ടയം തുടർ നടപടികൾ സ്വീകരിച്ച് വരികയാണെന്നും മറുപടി ലഭിച്ചു. മാനവൽ രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ വലിയ വീഴ്ച വരുന്നുണ്ടെന്നാണ് പരിശോധനയിൽ ബോധ്യപ്പെടുന്നത്. ക്ലർക്കുമാർ പിരിക്കുന്ന കളക്ഷൻ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നതും സഞ്ചയയിൽ പോസ്റ്റിംഗ് നടത്തുന്നതിന്റെയും കൃത്യത മേൽപരിശോധനയിലൂടെ ഉറപ്പു വരുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകളുടെ വിശദാംശങ്ങൾ ചുടെ ചേർക്കുന്നു.

1. ആനിക്കാട് റീജിയണൽ ഫാർമേഴ്സ് ബാങ്ക്-ആദ്യ അർദ്ധവർഷം താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്.

| ജീവനക്കാരൻ | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് വന്ന തുക |
|---|---|---|---|---|
| ജോൺ.പി.ജെ | 41769 | 180 | 300 | 120 |
| സരോജിനി.എ.ജെ | 41769 | 180 | 300 | 120 |
| സുധ ശിവൻകുട്ടി | 41769 | 180 | 300 | 120 |
| ഷൈല പി.സി. | 41769 | 180 | 300 | 120 |
| മോളി റ്റി. | 41769 | 180 | 300 | 120 |
| ജയ അനിൽകുമാർ | 72400 | 450 | 600 | 150 |

2.താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1.ആനിക്കാട് ഫാർമേഴ്സ് ബാങ്ക്

2.കേരള ഗ്രാമീൺ ബാങ്ക്

3.മുത്തൂറ്റ് ഫിൻകോർപ്പ്

4.കെ.എസ്.എഫ്.ഇ-ആനിക്കാട്

5.എസ്.ബി.റ്റി -ആനിക്കാട്

6.മുത്തൂറ്റ് മിനി ഫിനാൻസ്

7.ഫെഡറൽ ബാങ്ക്

8.കേരള ബാങ്ക്

9.മോർ റീട്ടെയിൽ പ്രൈവറ്റ് ലിമിറ്റഡ്

10.സപ്ലൈകോ സൂപ്പർമാർക്കറ്റ്

11.ബിവറേജ് കോർപ്പറേഷൻ

3. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| നെടുമാവ് ക്ഷീര സഹകരണ സംഘം | 1, 11 | രേഖപ്പെടുത്തിയിട്ടില്ല |
| മലനാട് ക്ഷീര സഹകരണ സംഘം | 1, 11 | രേഖപ്പെടുത്തിയിട്ടില്ല |
| കിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | 1, 11 | രേഖപ്പെടുത്തിയിട്ടില്ല |
| ഇളംമ്പള്ളി ക്ഷീര സഹകരണ സംഘം | 1 | രേഖപ്പെടുത്തിയിട്ടില്ല |
| പ്രുഡൻഷ്യൽ റബർ ലിമിറ്റഡ് | 1, 11 | 40 |

| | | |
|---|---|---|
| ജയ രാജഗോപാൽ പെട്രോൾ പമ്പ് | 1, 11 | 5 |
| റ്റിറ്റു കുര്യാക്കോസ് പവർ ടൂൾസ് നിർമ്മാണം | 1,11 | രേഖപ്പെടുത്തിയിട്ടില്ല |
| സന്ധ്യാ മനോജ് കുമാർ പെട്രോൾ പമ്പ് | 1,11 | -രേഖപ്പെടുത്തിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും കുറവായി ഈടാക്കിയ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ - മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232, 233 പ്രകാരം ഫാക്ടറികൾക്കും വ്യാപാര സംരഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ അനുസരിച്ചുള്ള ലൈസൻസ് ഫീ അഞ്ചാനി സിനിമാസ്, പ്രൂഡൻഷ്യൽ റബർ ലിമിറ്റഡ് എന്നീ സ്ഥപനങ്ങളിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജിജിമോൻ ജോസഫ്, മഞ്ചുമോൾ അഞ്ചാനി എന്നിവരുടെ ഉടമസ്ഥതയിലുള്ള മൾട്ടിപ്ലക്സ് (മൂന്ന് സ്ക്രീനുകൾ) തീയറ്ററിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 3000 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം സംബന്ധിച്ച് വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. 2/354/B,C,D,E എന്ന നമ്പരിലുള്ള കെട്ടിടത്തിന് രസീത് നമ്പർ 120010104950,51,52,53,54 പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടു കൂടി മൂന്നു തീയേറ്ററുകളുടെ ഒരു കോപ്ലക്സാണ് അഞ്ചാനി സിനിമാസ് എന്ന സ്ഥാപനം. ടി സ്ഥാപനത്തിന്റെ യഥാർത്ഥത്തിലുള്ള മൂലധന നിക്ഷേപം കണക്കാക്കാതെ 3000/- രൂപ മാത്രം ലൈസൻസ് ഫീ ആയി ഈടാക്കിയത് അംഗീകരിക്കാവുന്നതല്ല.

2. ഡയറക്ടർ പ്രൂഡൻഷ്യൽ റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ 10000 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 23 കോടി രൂപ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 10 കോടിയ്ക്ക് മുകളിൽ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളിൽ നിന്നും 15000/- രൂപ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടതാണ്. 5000 രൂപ കുറവായിട്ടാണ് ലൈസൻസ് ഫീ ഈടാക്കിയത്.

ക്രമ നം.1ലെ സ്ഥാപനത്തിൽ നിന്നും മൂലധന നിക്ഷേപം സംബന്ധിച്ച രേഖകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ക്രമ നം. 2 ലെ സ്ഥാപനത്തിൽ നിന്നും 10 കോടിയ്ക്ക് മുകളിൽ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ട 15000/- രൂപ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കി ആയത് തദനുസരണമായി ഈടാക്കേണ്ടതുമാണ്.

1-15 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക - 3.34 ലക്ഷം രൂപ കുടിശ്ശിക നിൽക്കുന്നു

ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടകയിൽ ചുവടെ ചേർക്കും പ്രകാരം വലിയ തുക കുടിശ്ശിക നിൽക്കുന്നതായി വ്യക്തമാകുന്നു.

| ഷോപ്പിംഗ് | റൂം നമ്പർ/ | കുടിശ്ശിക | വാടക | ജി.എസ്.ടി | ആകെ |
|---|---|---|---|---|---|

| കോംപ്ലക്സ് പേര് | കരാറുകാരൻ | കാലയളവ് | കുടിശ്ശിക | കുടിശ്ശിക | |
|---|---|---|---|---|---|
| പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 1/തോമസ് കുട്ടി, മൈലാടിയിൽ. | 12/2017 – 03/21 | 54128/ | 10556/ | 64684/ |
| ,, | 2/തോമസ് കുട്ടി, മൈലാടിയിൽ. | 12/2017 – 03/21 | 103556/ | 18638/ | 122194/ |
| ,, | 4/രാമചന്ദ്രൻ നായർ, പൊങ്ങനാകുന്നേൽ | 04/20 – 03/21 | -- | 2976/ | 2976/ |
| ,, | 5/രാമചന്ദ്രൻ നായർ, പൊങ്ങനാകുന്നേൽ | 04/20 – 03/21 | -- | 3408/ | 3408/ |
| ,, | 6/രാമചന്ദ്രൻ നായർ, പൊങ്ങനാകുന്നേൽ | 04/20 – 03/21 | -- | 2856/ | 2856/ |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 7/സുനിൽ ശങ്കർ, കദളിമറ്റം | 04/18 – 03/21 | 56928/ | 10247/ | 67175/ |
| വില്ലേജ് ഹട്ട്, ഇളംപള്ളി | 3/വിജയമ്മ, കരിക്കകത്ത് | 09/19 – 03/21 | 28648/ | 5157/ | 33804/ |
| ,, | 4/ബിന്ദു സുരേഷ്, വാകത്താനത്ത് | 11/19 – 03/21 | 31413/ | 5654/ | 37067/ |
| | ആകെ | | 274673/ | 59492/ | 334165/ |

ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ നിന്ന് ഇത്രയധികം വാടകകുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. കുടിശ്ശികക്കാർക്ക് എതിരെ എഗ്രിമെന്റ് പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിച്ചും എഗ്രിമെന്റ് വയ്ക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

വാടക രജിസ്റ്റർ, ഓഡിറ്റിന് ലഭ്യമാക്കിയ അനുബന്ധവിവരങ്ങൾ, വാർഷികകണക്കുകൾ എന്നിവയിലെ വാടക കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വാടക രജിസ്റ്റർ കുടിശ്ശികയുടെ വിവരങ്ങൾ ഉൾപ്പെടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 5/17.06.2022-ന് ലഭ്യമാക്കിയ മറുപടി ഭാഗികമാണ്.

1-16 ഷോപ്പിംഗ് കോംപ്ലക്സുകൾ നിഷ്ക്രിയ ആസ്തികളായി മാറുന്നത്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 ഷോപ്പിംഗ് കോംപ്ലക്സുകളിലായി ചുവടെ ചേർക്കും പ്രകാരം മുറികൾ ഉണ്ട് (2020-21 ലെ സ്ഥിതി).

| ഷോപ്പിംഗ് കോംപ്ലക്സ് | മുറികളുടെ എണ്ണം | വാടകയ്ക്ക് നല്കുന്നവ | വാടകയ്ക്കല്ലാതെ സ്ഥാപനങ്ങൾ | ഒഴിഞ്ഞ് കിടക്കുന്നവ |
|---|---|---|---|---|

| | | | പ്രവർത്തിക്കുന്നവ | |
|---|---|---|---|---|
| പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 6 | 5 | 1 | 0 |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 10 | 1 | 6 | 3 |
| വില്ലേജ് ഹട്ട് | 10 | 2 | 4 | 4 |
| വെറ്ററിനറി ആശുപത്രിക്ക് സമീപമുള്ള കെട്ടിടം | 2 | 0 | 0 | 2 |
| ആകെ | 28 | 8 | 11 | 9 |

ആകെ മുറികളിൽ 9 എണ്ണം ഒഴിവായി കിടക്കുകയാണ്. വലിയ മുതൽ മുടക്കിൽ നിർമ്മിച്ച കെട്ടിടങ്ങളിൽ മുറികൾ ഒഴിച്ചിട്ടിരിക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നു. കൂടാതെ സോയിൽ കൺസർവേഷൻ ഓഫീസിനായി സൗജന്യമായി മുറി വിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു. ആസ്തികൾ വരുമാനദായകമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/17.06.2022-ന് ലഭ്യമാക്കിയ മറുപടി അപൂർണ്ണമാണ്.

1-17 വിനോദനികുതി-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം വിനോദ നികുതിയിനത്തിൽ 2020-21 വർഷം 155571 രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകളും ടിക്കറ്റുകളുടെ വിൽപ്പന സംബന്ധിച്ച രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20.6.22) മറുപടി ലഭിച്ചില്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ വിനോദനികുതി ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായില്ല. മതിയായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനോദ നികുതി വരവ് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ടിക്കറ്റ് വിൽപ്പനയുടെ കണക്കുകൾ തിയേറ്ററുകളിൽ നിന്നും ലഭ്യമാക്കി പഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-18 വിനിയോഗസാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ വിവിധ നിർവ്വഹണ എജൻസികൾക്ക് ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| | പ്രവൃത്തി | തുക നല്കിയ സ്ഥാപനം | തുക | ബിൽ നം /തീയതി |
|---|---|---|---|---|
| 1 | പൊങ്ങനാക്കുന്ന് -കുന്നേൽത്താഴെ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ 221/21 | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പള്ളിക്കത്തോട് | 51000 | 19/18.1.21 |
| 2 | കുട്ടമാവ് ലൂർദ്ദ്ഭവൻ ഭാഗം കുഴൽകിണർ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, | 78000 | 29/16.3.21 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം<br>258/21 | കോട്ടയം | | |
| 3 | പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി<br>90/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 250000 | 2/29.5.20 |
| 4 | മുക്കാലി കദളിമറ്റം കുഴൽ കിണർ നിർമ്മാണം<br>233/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 160000 | 24/23.2.21 |
| 5 | പാറേമാക്കൽ നെടുവര കുടിവെള്ള പദ്ധതി<br>244/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 160000 | 27/16.3.16 |
| 6 | പെരുംപാറ തെക്കോലിക്കൽക്കുന്ന് വെട്ടിക്കുഴി ഭാഗം കുഴൽ കിണർ നിർമ്മാണം<br>232/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 240000 | 13/2.11.20 |
| 7 | കിഴക്കടമ്പ് കുടിവെള്ള പദ്ധതി<br>253/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 290000 | 28/16.3.21 |
| 8 | പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി<br>246/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 100000 | 30/16.3.21 |
| 9 | വെട്ടിക്കയം കുടിവെള്ള പദ്ധതിയ്ക്ക് കറന്റ് കണക്ഷൻ<br>171/21 | കെ.എസ്.ഇ.ബി | 141413 | 32/16.3.21 |
| | ആകെ | | 1470413 | |

വിനിയോഗസാക്ഷ്യപത്രത്തിന്റെയും പൂർത്തീകരണവിവരങ്ങളുടെയും അഭാവത്തിൽ ചെലവഴിച്ച 1470413/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചില്ല.

പഞ്ചായത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന 18 വയസിനു മുകളിലുള്ള വ്യക്തികൾക്കായി കുടുംബശ്രീ നടപ്പിലാക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് 1.9.2018 തീയതിയിൽ സെക്രട്ടറി കുടുംബശ്രീ ജില്ലാമിഷന് അപേക്ഷ നൽകിയിരുന്നു. ഇത് പരിഗണിച്ച് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് കുടുംബശ്രീ മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഒറ്റത്തവണ ഗ്രാന്റിന്റെ ആദ്യ ഗഡുവായ പന്ത്രണ്ടര ലക്ഷം രൂപ 450000, 400000, 400000 എന്നിങ്ങനെ മൂന്ന് ഇൻസ്റ്റാൾമെന്റുകളായി 26.3.2019 തീയതിയിൽ പഞ്ചായത്തിന് ലഭിച്ചു.

29.7.2017 ലെ സ.ഉ.(എംഎസ്)148/09/തസ്വഭവ, 7.2.2018 ലെ സ.ഉ.(എംഎസ്)നം.20/2018/തസ്വഭവ

എന്നീ ഉത്തരവുകളിൽ പഞ്ചായത്തുകളിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുമ്പോൾ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് മാർഗരേഖ നൽകിയിട്ടുള്ളതാണ്. ഇതു പ്രകാരം കേന്ദ്രത്തിൽ ഓഡിയോളജി മുറി, ക്ലാസ് മുറികൾ, ഫിസിയോതെറാപ്പി മുറി, ശുചിമുറികൾ, ഒക്കുപേഷണൽ തെറാപ്പി&കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദമുറി എന്നിവ ഉറപ്പു വരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ഇതു കൂടാതെ നിശ്ചിത യോഗ്യതയുള്ള ബി.ആർ.സി. അധ്യാപകരെയും ആയമാരെയും നിയമിക്കേണ്ടതാണെന്നും ആവശ്യാനുസരണം ദിനബത്ത അടിസ്ഥാനത്തിൽ തെറാപ്പിസ്റ്റ്, ട്രെയിനർ, ഡോക്ടർ എന്നിവരുടെ സേവനവും ഉറപ്പാക്കേണ്ടതാണെന്നും മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 3.8.2018 തീയതിയിലെ തീരുമാനം നമ്പർ 18 പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചെങ്കിലും നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുകയോ ബി.ആർ.സി. അധ്യാപകരെയോ സഹായികളെയോ നിയമിക്കുകയോ ചെയ്തിട്ടില്ല.

7.3.2020 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ട3/തീരുമാനം 3 പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഫർണിച്ചർ, തെറാപ്യൂട്ടിക് ഉപകരണങ്ങൾ എന്നിവ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തു. ഫർണിച്ചർ വാങ്ങലിനായി അസി. സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 2019-20 ലെ പ്രൊജക്ട് 2020-21 ൽ സ്പിൽ ഓവറായി (പ്രൊജക്ട് നം. 223/21) നടപ്പിലാക്കി. ഇതിനായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച 1250000 രൂപയിൽ നിന്നും 924520 രൂപ കെൽട്രോണിന് കൈമാറുകയും (ചെക്ക് നം. 402586/11.11.20 – 6,48,210/-, ചെക്ക് നം.543045/22.03.2021 – 2,76,310/-) ഉപകരണങ്ങൾ/ഫർണിച്ചറുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. സ്ഥല പരിശോധനയിൽ ഈ ഉപകരണങ്ങളും ഫർണിച്ചറുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ കൂട്ടിയിട്ട നിലയിൽ കണ്ടെത്തി. തുടർ പരിപാലനം ആവശ്യമായ തെറാപ്പി ഉപകരണങ്ങളും, സ്മാർട്ട് ബോർഡ് (ചെലവഴിച്ച തുക-119873), കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (ചെലവ് തുക-416944) എന്നിവയുൾപ്പെടെ പ്രവർത്തിപ്പിച്ച് നോക്കുവാനോ പരിപാലിക്കുവാനോ ആളില്ലാതെ സെന്ററിൽ ഉപേക്ഷിച്ച നിലയിലാണുള്ളത്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുവാനുള്ള നടപടികളൊന്നുമാകാത്ത സാഹചര്യത്തിൽ ഈ ഉപകരണങ്ങളും ഫർണിച്ചറുകളും ഉപയോഗശൂന്യമായി തീർന്നേക്കാവുന്ന അവസ്ഥയാണുള്ളത്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന്ന് വേണ്ട അടിസ്ഥാന നടപടികൾ പൂർത്തീകരിക്കാതെ വൻതുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി നിരുത്തരവാദപരമായി വച്ചിരിക്കുന്നത് ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലെ അനാസ്ഥയാണ്.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെയും, ഉപകരണങ്ങളും ഫർണിച്ചറുകളും സ്റ്റോക്കിലെടുത്തതിന്റെയും ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20.6.22) അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. സർക്കാർ മാർഗരേഖകൾ പാലിച്ച് അധ്യാപകരെ നിയമിക്കുന്നതിനും സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ഉന്നത നിലവാരത്തോടെ പ്രവർത്തനം ആരംഭിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും വളരെയേറെ സഹായകരമാകുന്ന വിധത്തിലേക്ക് വളർത്തിയെടുക്കുന്നതിനും ആവശ്യമായ നടപടികൾ ഉറപ്പ് വരുത്തേണ്ടതാണ്. നാളിതു വരെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലിനായുള്ള 924520 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സാമൂഹിക സുരക്ഷാപെൻഷൻ -അർഹതയില്ലാത്തവർക്ക് നല്കിയത്.

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിലും 2020-21 വർഷം പഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ റിപ്പോർട്ടും പരിശോധിച്ചത് പ്രകാരം പെൻഷണർ മരണപ്പെട്ടതായി സൂപ്പർവൈസർ 03/02/2021 ൽ റിപ്പോർട്ട് നൽകിയതിന് ശേഷവും വിധവാ പെൻഷൻ പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര് | പെൻഷൻ ഐ.ഡി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|
| ശ്രീമതി അംബിക ഒ.വി | 105450600010 | 3/21-6/21 | 4400/- |
| ശ്രീമതി മറിയാമ്മ ജോസഫ് | 105450600442 | 3/21-6/21 | 6300/- |
| ശ്രീമതി തങ്കമ്മ | 105450600629 | 3/21-6/21 | 6300/- |
| ശ്രീമതി ശാന്ത | 105450600637 | 3/21-6/21 | 6300/- |
| ശ്രീമതി മേരി എം.എം | 105450600226 | 3/21-6/21 | 6300/- |
| ശ്രീമതി ജോളി ബെന്നി | 105450600636 | 3/21-6/21 | 6300/- |
| ശ്രീമതി ലീലാമ്മ ഗോപിനാഥൻ | 105450600025 | 3/21-6/21 | 6300/- |
| ശ്രീമതി മായ കണ്ണൻ | 10545060600650 | 3/21-6/21 | 6300/- |

ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് നൽകിയതിന് ശേഷവും അനർഹരായവർക്ക് പെൻഷൻ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 പ്രാഥമികാരോഗ്യകേന്ദ്രം - മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 24/20-21 എന്ന പ്രോജക്ടിലൂടെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് ചുവടെ ചേർക്കും പ്രകാരം പള്ളിക്കത്തോട് പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി തുകകൾ നല്കിയെങ്കിലും മുഴുവൻ മരുന്നുകളും ഇനിയും ലഭ്യമായിട്ടില്ല (പ്രോജക്ടിനായി വകയിരുത്തിയ തുക 5,00,000/- രൂപ – മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം).

| ക്രമ നമ്പർ | മെഡിക്കൽ സർവ്വീസസ് | തുക അടച്ചതിന്റെ | നാളിതുവരെ ലഭിച്ച | മെഡിക്കൽ സർവ്വീസസ് |
|---|---|---|---|---|

| | കോർപ്പറേഷനിൽ നിന്നുള്ള പ്രഫോർമ ഇൻവോയ്സ് ന്റെ വിവരം | വിവരം | മരുന്നുകളുടെ തുക | കോർപ്പറേഷനിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | PRF 4548/20-01-21 | 241967/- (ട്രഷറി ബിൽ നം.16/20-21 /16-02-21) | 207479/- | 34488/- |
| 2 | PRF 6102/10-03-21 | 230000/- (ട്രഷറി ബിൽ നം.21/20-21 /20-03-21) | 139841/- | 90159/- |
| | ആകെ | 471967/- | 347320/- | 124647/- |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 1,24,647/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 പാലിയേറ്റീവ് കെയർ - മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ ലഭിക്കാൻ അവശേഷിക്കുന്നു.

പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായ 22/20-21, (വകയിരുത്തൽ – 6,00,000/- – വികസനഫണ്ട് പൊതുവിഭാഗം) പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുകകൾ നല്കിയെങ്കിലും ഉപകരണങ്ങൾ ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള പ്രഫോർമ ഇൻവോയ്സ് ന്റെ വിവരം | തുക അടച്ചതിന്റെ വിവരം | നാളിതുവരെ ലഭിച്ച ഉപകരണങ്ങളുടെ തുക | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | PRF 1367/04-07-20 | 87287/- (ട്രഷറി ബിൽ നം.06/20-21 /19-08-20) | 84028/- | 3259/- |
| 2 | -- | 19539/- (ട്രഷറി ബിൽ നം.15/20-21 /16-02-21) | 18498/- | 1041/- |

| | | | | |
|---|---|---|---|---|
| 3 | -- | 64448/- (ട്രഷറി ബിൽ നം.17/20-21 /16-02-21) | 59285/- | 5163/- |
| | ആകെ | 171274/- | 161811/- | 9463/- |

ഉപകരണങ്ങൾ എല്ലാം ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകുന്നില്ലയെങ്കിൽ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ 9463/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 മറ്റപ്പള്ളി അങ്കണവാടി മെയിന്റനൻസ്-പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | മറ്റപ്പള്ളി അങ്കണവാടി മെയിന്റനൻസ്,84/2020-21 |
| കരാറുകാരൻ | സാജൻ ജോസ് |
| അടങ്കൽ | 3000000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 225281/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 12-12-19-ൽ പ്രവൃത്തി ആരംഭിക്കുകയും 24-2-2020-ൽ അവസാനിപ്പിക്കുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്ന വേയ്സ്റ്റ് പിറ്റ് നിർമ്മാണം കരാറുകാരൻ നടത്താതിരുന്നതിനാൽ ആദ്യ പാർട്ട് ബിൽ നല്കുകയും റിടെൻഷൻ 5143/- രൂപ ബില്ലിൽ കുറക്കുകയും ചെയ്തു. തുടർന്ന് പണി അവസാനിപ്പിച്ച കരാറുകാരന് പണിപൂർത്തീകരിക്കുന്നതിന് നോട്ടീസ് നല്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഉപയോഗിക്കാമായിരുന്ന റിടെൻഷൻ തുക ബില്ലിൽ കുറച്ചതുമൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടു (ഈ തുക പാർട്ട് ബില്ലിൽ പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതായിരുന്നു). അപാകതയിൽ വിശദീകരണം നല്കുന്നതോടൊപ്പം പ്രവൃത്തിയുടെ സെക്യൂരിറ്റി നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ കൂടി നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/16.06.2022) മറുപടി നല്കിയില്ല. കരാറുകാരൻ പൂർത്തീകരിക്കാതിരുന്ന പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചകൾ മൂലം പഞ്ചായത്തിന് നഷ്ടം വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ്.

## 1-24 അക്രഡിറ്റഡ് ഏജൻസികൾ വഴി പദ്ധതി നിർവ്വഹണം -അപാകതകൾ

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് 2017-18 ൽ ഏറ്റെടുത്ത് 2020-21 ൽ പൂർത്തിയാക്കിയതും അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്തിയതുമായ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചു. അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് സംബന്ധിച്ച് നിരവധി സർക്കാർ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്. ആയവ പ്രകാരം അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള മേഖലയിൽ മാത്രമാണ് ഇത്തരം ഏജൻസികൾക്ക് പ്രവൃത്തികൾ ബിഡിംഗ് നടപടികളില്ലാതെ ഏറ്റെടുക്കാൻ കഴിയുക. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പള്ളിക്കത്തോട് പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തെ ഷോപ്പിംഗ് കോംപ്ലക്സ് റൂം അടവാക്കൽ

പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് 8-2-2018 ൽ 56/AE/LSGD നമ്പരായി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാർ വച്ചിട്ടുള്ളതാണ്. 12-10-2018 ൽ പ്രവൃത്തി പൂർത്തീകരിച്ച് അളവ് പുസ്തകം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട്. 64/2020-21 നമ്പരായ പ്രവൃത്തിക്ക് 3 ലക്ഷം രൂപ ഏജൻസിക്ക് നല്കിയിട്ടുണ്ട്. (200000/- (ചെക്ക് നം1155812 തീ 31-3-2020) 100000/- (ബിൽ നം തീ 15/22-4-2020). മേൽ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ ഉത്തരവ് (അച്ചടി) 95/2017 തീ 25-7-2017 പ്രകാരം തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതും ചെലവ് കുറഞ്ഞതുമായ കെട്ടിടങ്ങൾ നോൺ പി എം സി ആയി ചെയ്യുന്നതിനാണ് കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അക്രഡിറ്റേഷനുള്ളത്. ബഹു. ഹൈക്കോടതിയുടെ 23-3-2017 ലെ WP(c)39162/2016 കേസ് വിധിന്യായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോൾ പി എം സി ആയി മാത്രമേ ഏല്പിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട് (തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതും ചെലവ് കുറഞ്ഞതുമായ കെട്ടിടങ്ങൾ ഒഴികെ). ഈ സാഹചര്യത്തിൽ അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെ നിയമ വിരുദ്ധമായാണ് പ്രവൃത്തി ഏല്പിച്ചത് .
- എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ആയത് ജി എസ് റ്റി ഉൾപ്പെടുത്തിയുള്ള നിരക്കായതിനാൽ അധികമായി 12% കോംപൻസേഷൻ നൽകേണ്ടതില്ല. ഈ സാഹചര്യത്തിൽ 31851/- രൂപ കോമ്പൻസേഷൻ അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/16.06.2022) മറുപടി നല്കിയില്ല. അധികം നല്കിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
- മേൽ ഉത്തരവ് പ്രകാരം ബിഡിംഗ് നടപടികളില്ലാതെ അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പി എം സി ചെലവിൽ നിന്നും 0.5% കുറവ് വരുത്തണമെന്ന് സർക്കാർ ഉത്തരവ് (അച്ചടി) 95/2017 തീ 25-7-2017 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ച് വേലമൂല്യമായ 282797/- രൂപയുടെ 0.5% ആയ 1414/- കുറവ് വരുത്താതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/16.06.2022) മറുപടി നല്കിയില്ല. ഈടാക്കേണ്ടിയിരുന്ന 1414/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2.പഞ്ചായത്ത് കോൺഫറൻസ് ഹാൾ പൂർത്തീകരണം/നിർമ്മാണം.

തനത് ഫണ്ട് 24 ലക്ഷം വകയിരുത്തി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ച പ്രവൃത്തിക്ക് ചുവടെ വിവരിക്കും പ്രകാരം 2182556/- രൂപ നല്കിയിട്ടുണ്ട്.

| | |
|---|---|
| 2020-21 | 452556 |
| 2020-21 | 500000 |
| 2017-18 | 900000 |
| 2017-18 | 330000 |
| ആകെ | 2182556 |

പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- 1854409/- രൂപ വേലമൂല്യമുള്ള പ്രവൃത്തിയിൽ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒന്നിനും ഏജൻസിയായ കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അക്രഡിറ്റേഷൻ ഉള്ളതല്ല. ജില്ലാ നിർമ്മിതി കേന്ദ്രത്തിന് തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതും ചെലവ് കുറഞ്ഞതുമായ കെട്ടിടങ്ങളുടെ നിർമ്മാണം

ബിഡിംഗ് കൂടാതെ ഏറ്റെടുക്കുന്നതിന് മാത്രമാണ് അക്രഡിറ്റേഷനുള്ളത്.

- എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ആയത് ജി എസ് റ്റി ഉൾപ്പെടുത്തിയുള്ള നിരക്കായതിനാൽ അധികമായി 12% കോംപൻസേഷൻ നൽകേണ്ടതില്ല. ഈ സാഹചര്യത്തിൽ 202414/- രൂപ കോമ്പൻസേഷൻ അനുവദിച്ചതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/16.06.2022) മറുപടി നല്കിയില്ല. അധികം നല്കിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
- നിയമവിരുദ്ധമായി പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദത്തിന് നല്കിയതിലൂടെ മത്സരസാദ്ധ്യത ഇല്ലാതാകുകയും ലഭിക്കാമായിരുന്ന ടെണ്ടർ കുറവ് ലഭിച്ചില്ല എന്നു മാത്രമല്ല 124241/- രൂപ സെന്റേജ് ചാർജായി സ്ഥാപനത്തിന് നൽകേണ്ടതായും വന്നു.
- പ്രവൃത്തിയിൽ അധികമായി ഉൾപ്പെടുത്തിയ കോൺഫറൻസ് ഹാൾ പൂർത്തീകരണം എന്ന പ്രോജക്ടിന് 6% ജി എസ് റ്റി കോംപൻസേഷൻ ആണ് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നല്കിയത്. ഒരേ പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾക്ക് നികുതി വകയിരുത്തൽ രണ്ട് രീതിയിൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
- ബിഡിംഗ് നടപടികളില്ലാതെ അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പി എം സി ചെലവിൽ നിന്നും 0.5% കുറവ് വരുത്തണമെന്ന് സർക്കാർ ഉത്തരവ് (അച്ചടി) 95/2017 തീ 25-7-2017 ൽനിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ച് വേലമൂല്യമായ 2182556/- രൂപയുടെ 0.5% ആയ 10913/- രൂപ കുറവ് വരുത്താതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/16.06.2022) മറുപടി നല്കിയില്ല. ഈടാക്കേണ്ടിയിരുന്ന 10913/- രൂപ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3.വി ഇ ഒ ഓഫീസ് പൂർത്തീകരണം

എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ആയത് ജി എസ് റ്റി ഉൾപ്പെടുത്തിയുള്ള നിരക്കായതിനാൽ അധികമായി 12% കോംപൻസേഷൻ നൽകേണ്ടതില്ല. ഈ സാഹചര്യത്തിൽ 43106/-രൂപ (നല്കിയത്) കോമ്പൻസേഷൻ അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.1/16.06.2022) മറുപടി നല്കിയില്ല. അധികം നല്കിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

- നിയമവിരുദ്ധമായി പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നല്കിയതിലൂടെ മത്സരസാദ്ധ്യത ഇല്ലാതാകുകയും തദ്ഫലമായി ലഭിക്കാമായിരുന്ന ടെണ്ടർ കുറവ് നഷ്ടപ്പെടുത്തി എന്നു മാത്രമല്ല 28737/- രൂപ സെന്റേജ് ചാർജായി സ്ഥാപനത്തിന് നൽകേണ്ടതായും വന്നു.
- ബിഡിംഗ് നടപടികളില്ലാതെ അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പി എം സി ചെലവിൽ നിന്നും 0.5% കുറവ് വരുത്തണമെന്ന് സർക്കാർ ഉത്തരവ് (അച്ചടി) 95/2017 തീ 25-7-2017-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ച് വേലമൂല്യമായ 359219/- രൂപയുടെ 0.5% ആയ 1796/- രൂപ കുറവ് വരുത്താതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/16.06.2022) മറുപടി നല്കിയില്ല. ഈടാക്കേണ്ടിയിരുന്ന 1796/- രൂപ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-25 ഉദിക്കുഴ കുടിവെള്ള പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | ഉദിക്കുഴ കുടിവെള്ള പദ്ധതി (53/20-21) |
| കരാറുകാരൻ | പി എസ് രവീന്ദ്രൻ നായർ |
| അടങ്കൽ | 250000/-(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 215447/-(ബിൽ നം തീ 82/27-3-21) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഉദിക്കുഴ കുടിവെള്ള പദ്ധതി എന്ന പ്രോജക്ട് പ്രകാരം ടാങ്കിൽ നിന്നും 350 മീ വിതരണ ലൈൻ 63 എം എം പൈപ്പ് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. പഞ്ചായത്ത് ഓവർസിയർ, കരാറുകാരൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ നിലവിലുണ്ടായിരുന്ന 1" പൈപ്പ് (32എം എം) പൊളിച്ച് മാറ്റി 2" പൈപ്പ് (63എംഎം) സ്ഥാപിക്കുകയായിരുന്നു എന്ന് കരാറുകാരൻ അറിയിച്ചു. എന്നാൽ എസ്റ്റിമേറ്റ്, അളവുപുസ്തകം എന്നിവയിൽ 1" പൈപ്പ് പൊളിച്ച് മാറ്റുന്നതിന് ഇനം ഉൾപ്പെടുത്തുകയോ പൊളിച്ച് നീക്കിയ പൈപ്പ് സ്റ്റാക്ക് ചെയ്ത് മൂല്യ നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/20.06.2022) മറുപടി നല്കിയില്ല. എഗ്രിമെന്റ് ഷെഡ്യൂളിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ച കേന്ദ്രത്തിൽ നിന്നുള്ള അനുമതി ഇല്ലാതെ നിർവ്വഹണ അനുമതി നല്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കുന്നതിനൊപ്പം പൊളിച്ചു നീക്കിയ പൈപ്പ് മൂല്യനിർണ്ണയം നടത്തി സ്റ്റാക്ക് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്. അപാകത പരിഹരിക്കുന്നതു വരെ ഈ ഇനത്തിലുള്ള 215447/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം -അപാകതകൾ

പഞ്ചായത്തിൽ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും പ്രവൃത്തികൾ തുടർന്നു വരുന്നതുമായ വിവിധ കുടിവെള്ള പദ്ധതികൾ ഉണ്ട്. ഇവയ്ക്കാവശ്യമായ ഫണ്ട് പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് വകയിരുത്തുകയും, ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് സ്വന്തം നിലയ്ക്ക് ഏറ്റെടുത്ത് ചെയ്യുകയും ചെയ്യുന്നുണ്ട്. 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കുട്ടമാവ് കുടിവെള്ള പദ്ധതി | 93003 |
| 2 | ടൗൺ കുടിവെള്ള പദ്ധതി പൂർത്തീകരണം | 62000 |
| 3 | വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി | 550562 |
| 4 | പൊങ്ങനാക്കുന്ന് കുടിവെള്ള പദ്ധതി | 413661 |
| 5 | ചക്കാംപുഴ കുടിവെള്ള പദ്ധതി ലൈൻ ദീർഘിപ്പിക്കൽ | 243497 |
| 6 | മക്കനാൽ കുടിവെള്ള പദ്ധതി | 250000 |
| 7 | വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി പൂർത്തീകരണം | 250225 |
| 8 | മക്കനാൽ കുടിവെള്ള പദ്ധതി | 275138 |
| 9 | വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി ലൈൻ ദീർഘിപ്പിക്കൽ | 178178 |
| 10 | ഉദിക്കുഴ കുടിവെള്ള പദ്ധതി | 215447 |
| 11 | ചക്കാംപുഴ കുടിവെള്ള പദ്ധതി പൂർത്തീകരണം | 139554 |
| 12 | ചക്കാംപുഴ /തുമ്പോളി കുടിവെള്ള പദ്ധതി പൂർത്തീകരണം | 380522 |
| 13 | കൃഷിഭവൻ ഭാഗം കുടിവെള്ള പദ്ധതി | 130406 |
| 14 | പുള്ളോലി കുടിവെള്ള പദ്ധതി | 739127 |
| | ആകെ | 3921320 |

പഞ്ചായത്ത് വികസനഫണ്ടിന്റെ പ്രാധാന വിഹിതം ചെലവഴിച്ചിട്ടുള്ളത് വിവിധ കുടിവെള്ള പദ്ധതികൾക്കായാണ്. കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതുവായതും ഫണ്ട് വിനിയോഗ വിവരം പരിശോധിക്കുന്നതിന് തടസ്സമാകുന്നതുമായ അപാകതകൾ ചുവടെ ചേർക്കുന്നു.

- പൂർത്തീകരിച്ച പദ്ധതികൾ ഗുണഭോക്തൃ സമിതികളെ കരാർ പ്രകാരം ഏല്പിച്ചത് സംബന്ധിച്ച രേഖകളില്ല.
- കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങളായ സ്രോതസ്, ജലസംഭരണി, ടാങ്കിലേക്ക് ജലമെത്തിക്കുന്ന പൈപ്പ് ലൈൻ, വിതരണ ശൃംഖല തുടങ്ങിയവ ഉൾപ്പെടുത്തിയ മാസ്റ്റർ പ്രോജക്ട് ഉടമസ്ഥാവകാശമുള്ള പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- സ്രോതസ്, ടാങ്ക് മുതലായവയ്ക്ക് സറണ്ടർ ചെയ്ത് ലഭിക്കുന്ന സ്ഥലം യഥാസമയം പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കുന്നില്ല.
- പ്രോജക്ടിന്റെ രൂപരേഖ തയ്യാറാക്കിയിട്ടില്ല.
- ഉടമസ്ഥാവകാശമുള്ള പഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുമതി ഇല്ലാതെ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ സ്വന്തം നിലയ്ക്ക് കുടിവെള്ള പദ്ധതിയുടെ ഘടകഭാഗങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നു. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്ത പ്രവൃത്തികളുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.
- എച്ച് പി കാൽകുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകൾ കാരണം ഫണ്ടിന്റെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏററെടുക്കുന്നതിലൂടെ പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് കഴിയുന്നില്ല. ഗുണഭോക്തൃ സമിതികൾ സ്വന്തം നിലയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. പദ്ധതിയുടെ രൂപരേഖ അടിസ്ഥാനമാക്കി വിശദമായ മാസ്റ്റർ പ്ലാൻ ഓരോ പദ്ധതിക്കും തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം നടത്തേണ്ടതുമാണ്.

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം

കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് ചികിത്സയും ആശ്വാസവും നൽകുന്നതിനായി പഞ്ചായത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. ബോധവൽക്കരണം, അണുനശീകരണം, മാസ്ക് വിതരണം, ഭക്ഷണവിതരണം, സാമൂഹ്യ അടുക്കള തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തനത്ഫണ്ടിൽ നിന്നും 1,70,766/- രൂപയും വികസനഫണ്ടിൽ നിന്നും 35,392/- രൂപയും ചെലവ് നടത്തുകയുണ്ടായി. വികസനഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ നടത്തിയ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റ്നം | ചെലവ് തുക |
|---|---|---|
| 1 | 242/21 -കോവിഡ് 19 കൊറോണ പ്രവർത്തനങ്ങൾ. | 35392/- |
| ആകെ | | 35392/- |

ഒരു കോവിഡ് കെയർ സെന്റർ (CCC) മന്ദിരം ഗവൺമെന്റ് യു.പി സ്കൂൾ ആനിക്കാട് ആരംഭിച്ച് പ്രവർത്തനം നടത്തിയിരുന്നു. രോഗികളുടെ എണ്ണം കുറയുകയും രോഗബാധ നിയന്ത്രണവിധേയമാകുകയും ചെയ്തതിനാൽ പിന്നീട് 01.07.2021ഓടെ പ്രവർത്തനം നിർത്തിവയ്ക്കുകയാണുണ്ടായത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമായി നടത്തിയതായി കാണുന്നു. നാളിതുവരെ അഡ്വാൻസ് തുകയായി ലഭിച്ച 1,00,000/- അല്ലാതെ മറ്റു തുകകളൊന്നും ലഭ്യമായിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30.7.2021-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 13.06.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിവരം

| നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 18030 | തരിശുഭൂമി കൃഷി (സുഭിക്ഷ കേരളം)-226/21 | 18030 | 0 |
| | 11160 | ഫലവൃക്ഷത്തൈ വിതരണം-227/21 | 11160 | 0 |
| | 230000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-41/21 | 230000 | 0 |
| | 250000 | പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി(90/21) | 250000 | 0 |
| | 344621 | മുഴയനാൽ എസ് സി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(251/21) | 344621 | 0 |
| | 250562 | വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി പൂർത്തീകരണം(83/21) | 250562 | 0 |
| | 130406 | കൃഷിഭവൻ ഭാഗം കുടിവെള്ള പദ്ധതി | 130406 | 0 |

| | | | | |
|---|---|---|---|---|
| | | പൂർത്തീകരണം(183/21) | | |
| ആകെ | 1234779 | | 1234779 | |
| ജില്ലാ പഞ്ചായത്ത് | 225000 | ലൈഫ് ഭവന പദ്ധതി പട്ടികവർഗം(31/21) | 225000 | 0 |
| | 1835000 | ലൈഫ് ഭവനപദ്ധതി പട്ടികജാതി(30/21) | 1835000 | 0 |
| | 200000 | ലൈഫ് ഭവനപദ്ധതി ജനറൽ (28/21) | 200000 | 0 |
| | 230000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-41/21 | 230000 | 0 |
| | 141413 | വെട്ടിക്കയം എസ് സി കുടിവെള്ള പദ്ധതിയ്ക്ക് കറന്റ് കണക്ഷൻ (171/21) | 141413 | 0 |
| | 139554 | ചക്കാമ്പുഴ കുടിവെള്ള പദ്ധതി പൂർത്തീകരണം(240/21) | 139554 | 0 |
| | 380522 | ചക്കാമ്പുഴ തുമ്പോളി കുടിവെള്ള പദ്ധതി പൂർത്തീകരണം (214/21) | 380522 | 0 |
| | 739127 | പുള്ളോലി കുടിവെള്ള പദ്ധതി (81/21) | 739127 | 0 |
| ആകെ | 3890616 | | 3890616 | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | പൊങ്ങാനാക്കുന്ന്-കുന്നേൽത്താഴെ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ(221/21) | 51000 | 0 | 51000 |
| | വെട്ടിക്കയം എസ് സി കുടിവെള്ള പദ്ധതിയ്ക്ക് കറന്റ് കണക്ഷൻ (171/21) | 141413 | 0 | 141413 |
| ഗ്രൗണ്ട് വാട്ടർ | കുട്ടമ്മാവ് ലൂർദ്ദ്ഭവൻ | 78000 | 0 | 78000 |

| | | | | |
|---|---|---|---|---|
| ഡിപ്പാർട്ട്മെന്റ് | ഭാഗം കുഴൽക്കിണർ നിർമാണം (258/21) | | | |
| | പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി കുഴൽക്കിണർ നിർമാണം (246/21) | 100000 | 0 | 100000 |
| | മുക്കാലി കദളിമറ്റം കുഴൽക്കിണർ നിർമാണം (233/21) | 160000 | 0 | 160000 |
| | പാറേമാക്കൽ നെട്ടുവര കുടിവെള്ള പദ്ധതി കുഴൽക്കിണർ നിർമാണം (244/21) | 160000 | 0 | 160000 |
| | പെരുംപാറ തെക്കോലിക്കൽക്കുന്ന് വെട്ടിക്കുഴി ഭാഗം കുഴൽക്കിണർ നിർമാണം (232/21) | 240000 | 0 | 240000 |
| | കിഴക്കടമ്പ് കുടിവെള്ള പദ്ധതി കുഴൽക്കിണർ നിർമാണം (253/21) | 290000 | 0 | 290000 |
| | കയ്യൂരി പമ്പ് ഭാഗം കുടിവെള്ള പദ്ധതി (51/21) | 300000 | 300000 | 0 |
| | പുല്ലാനിത്തകിടി കുടിവെള്ളപദ്ധതി | 250000 | 0 | 250000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ലോൺ അക്കൗണ്ട് നം. | 01.04.2020-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2020-21 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ആർ ഡി ബി ലോൺ | KURDFC/A /271/12/ 27.01.2012 | A/C No. 474/A3/ 8/RDB | 5127988 | | 4,00,000 | 4727988 |
| ലൈഫ് | ജി.ഒ | 38065072468 | 1707722 | 5165000 | 483412 | 6389310 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | (എം.എസ്) 68/2018, 18.5.2018 | എസ്ബിഐ പള്ളിക്കത്തോട് | | | | |

ലൈഫ് ലോൺ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ എഴുതി കൃത്യമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകകളൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം |
|---|---|---|---|
| 2009-10 | 3-3(ബി) | 2011-12, 2-6 | നിക്ഷേപ പ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 2666223/- രൂപ സംബന്ധിച്ച് |

പ്രസ്തുത ഖണ്ഡിക നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 67961943.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61480777 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2744490 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 250000 | ശ്രീമതി രശ്മി എസ്., സെക്രട്ടറി |
| 1-18 | 1220413 | ശ്രീമതി സോണിയ പി.മാത്യു, സെക്രട്ടറി |
| 1-19 | 924520 | ശ്രീമതി ലൗല എ.ഖാദർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 124647 | ഡോ.ആഷിക് രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 1-22 | 9463 | ഡോ.ആഷിക് രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 1-25 | 215447 | ജിന വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2744490 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4-377/08 /29.06.2009/ 08.10.2009 | - |
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(1)/18/ 29.01.2018 | 15 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി4-1682/07/ 08.09.2009 | - |
| 2004-05(വരവ്) | എൽ.എഫ്.കെ.പി4-1684/07/ 21.02.2011 | 1 |

| | | |
|---|---|---|
| 2004-05(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(3)/18/ 29.01.2018 | 6 |
| 2006-07 | എൽ.എഫ്.കെ.പി1/966 /അദാ/B1/11/ 22.08.2011 | - |
| 2007-08 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(5)/18/ 29.01.2018 | 1 |
| 2008-09 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(6)/18/ 29.01.2018 | 4 |
| 2009-10 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(7)/18/ 29.01.2018 | 5 |
| 2010-11 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(8)/18/ 29.01.2018 | 2 |
| 2011-12 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(9)/18/ 29.01.2018 | 8 |
| 2012-13 | കെ.എസ്.എ.- കെ.ടി.എം.പി13-243/18/ 01.03.2018 | 9 |
| 2013-14 & 2014-15 | കെ.എസ്.എ.- കെ.ടി.എം.പി12/657/16/ 12.08.2016/ 23.08.2016 | 13 |
| 2015-16 | കെ.എസ്.എ.- കെ.ടി.എം.പി13-388/17/ 24.05.2017 | 15 |
| 2016-17 | കെ.എസ്.എ.- കെ.ടി.എം.പി13-1648/2017/ 24.01.2018 | 12 |
| 2017-18 | കെ.എസ്.എ.- കെ.ടി.എം.പി13-2023/2018/ 24.11.2018 | 31 |
| 2017-18 | കെ.എസ്.എ.- കെ.ടി.എം.പി13-2023/2018/ 24.11.2018 | |
| 2018-19 | കെ.എസ്.എ.- കെ.ടി.എം.പി13/1119 /19/14.08.2019 | 27 |

| | | |
|---|---|---|
| 2019-20 | കെഎസ്എകെടിഎം /പി13/299/22 | 32 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്